പതിമൂന്നാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2831

15-12-2015 - ൽ മറുപടി നൽകേണ്ടത്

## സി-ആപ്റ്റിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | : | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സി-ആപ്റ്റ് എന്ന സ്ഥാപനത്തിൽ ഈ സർക്കാർ വന്നതിനുശേഷം ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | എ) ഈ സർക്കാരിന്റെ കാലത്ത് ശമ്പള കുടിശ്ശിക ഭൂരിഭാഗം കൊടുത്തു തീർക്കുകയും ശേഷിക്കുന്ന കുടിശ്ശികയുടെ അന്തിമ കണക്ക് തയ്യാറാകുന്ന മുറയ്ക്ക് കൊടുത്തു തീർക്കുന്നതുമാണ്. ജീവനക്കാരുടെ ദീർഘകാല ആവശ്യമായ ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് ഈ സർക്കാരിന്റെ കാലത്താണ്. സെന്ററിന്റെ ജീവനക്കാരുടെ ഡി.എ കുടിശ്ശിക നൽകിയതും ഈ സർക്കാരിന്റെ കാലത്താണ്. വിരമിക്കുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് സെന്ററിൽ ഗ്രാറ്റുവിറ്റി ഫണ്ട് ആരംഭിക്കാനും ഉദ്ദേശം ഒരു കോടി രൂപ ആ ഫണ്ടിൽ നിക്ഷേപിക്കാനും സാധിച്ചിട്ടുണ്ട്. ജീവനക്കാരുടെ ക്ഷേമത്തിനായി സി-ആപ്റ്റിന്റെയും, ജീവനക്കാരുടെയും സഹകരണത്തോടെ സി-ആപ്റ്റ് എംപ്ലോയീസ് വെൽഫെയർ അസോസിയേഷൻ |

| | |
|---|---|
| | ആരംഭിച്ചതും ഈ സർക്കാരിന്റെ കാലത്താണ്. നീണ്ട 20 കൊല്ലത്തിനു ശേഷം സെന്ററിൽ പുതിയ വെബ് ഓഫ്സെറ്റ് മെഷീൻ സ്ഥാപിച്ചത് ഈ സർക്കാരിന്റെ കാലത്താണ്. ഒരു പുതിയ ഫോർ കളർ വെബ് ഓഫ്സെറ്റ് മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സി-ആപ്റ്റിന്റെ വിറ്റ് വരവ് എത്രയായിരുന്നെന്നും ഇപ്പോഴത്തെ വിറ്റ് വരവ് എത്രയെന്നും വിശദീകരിക്കുമോ; | ബി) 2012-13 ന് ശേഷം വാർഷിക കണക്ക് സർക്കാരിൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ വിറ്റ് വരവ് എത്രയെന്ന് തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. |
| സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര പ്രതിവാര ലോട്ടറി ടിക്കറ്റുകൾ അച്ചടിച്ചിരുന്നുവെന്നും ഇപ്പോൾ എത്ര ടിക്കറ്റുകൾ അച്ചടിക്കുന്നുണ്ടെന്നും വിശദമാക്കാമോ; | സി) 2010-2011 വർഷത്തിൽ പ്രതിവർഷം 5,53,00,000 ടിക്കറ്റ് അച്ചടിച്ചിരുന്ന സെന്റർ 2014-15 വർഷത്തിൽ 6 ഇരട്ടി വർദ്ധിച്ച് 30,97,50,000 ആയിട്ടുണ്ട്. |
| ഡി) ജീവനക്കാർക്ക് ഈ സർക്കാരിന്റെ കാലത്ത് ശമ്പളം കുടിശ്ശികയുണ്ടോയെന്നും എന്തെല്ലാം ആനുകൂല്യങ്ങൾ പുതുതായി നൽകിയെന്നും വിശദമാക്കുമോ; | ഡി) ഈ സർക്കാരിന്റെ കാലത്ത് ശമ്പള കുടിശിക ഭൂരിഭാഗം കൊടുത്തു തീർക്കുകയും ശേഷിക്കുന്ന കുടിശികയുടെ അന്തിമ കണക്ക് തയ്യാറാകുന്ന മുറയ്ക്ക് കൊടുത്തു തീർക്കുന്നതുമാണ്. ജീവനക്കാരുടെ ദീർഘകാല ആവശ്യമായ ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് ഈ സർക്കാരിന്റെ കാലത്താണ്. സെന്ററിന്റെ ജീവനക്കാരുടെ ഡി.എ കുടിശ്ശിക നൽകിയതും ഈ സർക്കാരിന്റെ കാലത്താണ്. വിരമിക്കുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് സെന്ററിൽ ഗ്രാറ്റുവിറ്റി ഫണ്ട് ആരംഭിക്കാനും ഉദ്ദേശം ഒരു കോടി രൂപ ആ |

| | |
|---|---|
| | ഫണ്ടിൽ നിക്ഷേപിക്കാനും സാധിച്ചിട്ടുണ്ട്. ജീവനക്കാരുടെ ക്ഷേമത്തിനായി സി-ആപ്റ്റിന്റെയും, ജീവനക്കാരുടെയും സഹകരണത്തോടെ സി-ആപ്റ്റ് എംപ്ലോയീസ് വെൽഫെയർ അസോസിയേഷൻ ആരംഭിച്ചതും ഈ സർക്കാരിന്റെ കാലത്താണ്. |
| ഇ) ലോട്ടറി ടിക്കറ്റ് അച്ചടിക്കുന്നതിന് വേരിയബിൾ ഡാറ്റാ പ്രിന്റർ വാടകയ്ക്ക് എടുത്തതു വഴി സെന്ററിന് ഉണ്ടായ നേട്ടങ്ങളെ സംബന്ധിച്ച് എ.ജി.യുടെ പരാമർശം ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ഇ) ഉണ്ട്. നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി ടിക്കറ്റ് പ്രിന്റ് ചെയ്യുന്നതും വാടകയ്ക്കെടുത്ത മെഷീൻ ഉപയോഗിച്ച് പ്രിന്റ് ചെയ്യുമ്പോഴും ഉണ്ടാവുന്ന ചെലവിനെ സംബന്ധിച്ച് എ.ജി നടത്തിയ താരതമ്യ പഠന പ്രകാരം നിലവിലുള്ള പ്രിന്റിംഗ് സംവിധാനം പ്രയോജനപ്പെടുത്തിയാൽ ഒരു ടിക്കറ്റിന് 0.06 രൂപ നിരക്കും വാടകക്കെടുത്ത മെഷീൻ ഉപയോഗിച്ചാൽ ഒരു ടിക്കറ്റ് പ്രിന്റ് ചെയ്യാൻ 0.12 രൂപ നിരക്കും സി-ആപ്റ്റിന് ചെലവ് വരുന്നുണ്ട്. ഇതിൽ നിന്ന് വ്യക്തമാകുന്നത്. വാടകക്കെടുത്ത മെഷീൻ ഉപയോഗിക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിൽ സി-ആപ്റ്റിന് സ്വന്തം പ്രിന്റിംഗ് സംവിധാനം പ്രയോജനപ്പെടുത്തി പ്രിന്റിംഗ് ജോലികൾ ചെയ്യാൻ കഴിയും എന്നുള്ളതാണ്.<br><br>നിലവിലുള്ള സംവിധാനത്തിനു പുറമേ സി-ആപ്റ്റ് വാടകയ്ക്കെടുക്കുന്ന മെഷീന്റെ അതേ കപാസിറ്റിയും ഉള്ള ഒരു പുതിയ മെഷീൻ വാങ്ങിയിരുന്നെങ്കിൽ എല്ലാ ചെലവും ഉൾപ്പെടെ ഒരു ടിക്കറ്റ് അച്ചടിക്കുന്നതിന് 0.02 |

| | |
|---|---|
| | രൂപ മാത്രമേ ചെലവ് വരികയുള്ളു. മെഷീൻ വാടകയ്ക്കെടുക്കുന്നതിലൂടെ സി-ആപ്റ്റിന് 9.63 ലക്ഷം രൂപയുടെ ലാഭമുണ്ടായെങ്കിലും ഒരു പുതിയ മെഷീൻ വാങ്ങി പ്രിന്റിംഗ് വർക്ക് ചെയ്തിരുന്നെങ്കിൽ സി-ആപ്റ്റിന് പ്രതിമാസം 29.09 ലക്ഷം രൂപയും പ്രതിവർഷം 349.07 രൂപയും ലാഭമുണ്ടായിരുന്നേനേ എന്നും പ്രസ്തുത റിപ്പോർട്ടിൽ എ.ജി പരാമർശിക്കുന്നു. |
| എഫ്) പുതിയ യന്ത്രസംവിധാനം ഏർപ്പെടുത്തുന്നതിനെതിരെ സ്വകാര്യ അച്ചടിശാലകളുടെ ലോബികൾ പ്രചരണംനടത്തുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ജി) പുതിയ യന്ത്രസംവിധാനം അടിയന്തരമായി ഏർപ്പെടുത്തി സി-ആപ്റ്റിനെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ജി) ഒരു പുതിയ ഫോർ കളർ വെബ് ഓഫ്സെറ്റ് മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ